(b) and c) The Member is referred to the answer given to question No. 368.

Agricultural indebtedness.

376. Mr. K. M. Ibrahim.—With reference to question No. 23, will the Government be pleased to state what they have done on the resolution about the same subject, passed unanimously in this House?

Rama Varmha Tampuran.—The question is engaging the attention of the Government.

Sanitary Officers of the Panchayat Department—transfer of.

377. മിസ്റ്റർ കെ. എം. ഇബ്രാഹിം.—(a) പഞ്ചായത്ത്ഡിപ്പാർട്ട്മെണ്ടിന്റെ സാനിറേഷൻ വകുപ്പിൽ ഇപ്പോൾ എത്രപേർ ഉദ്യോഗത്തിലുണ്ടെന്നും അവരുടെ സർവ്വീസ് എത്രകൊല്ലമായിട്ടുണ്ടെന്നും കാണിക്കാമോ;

(b) അടുത്തകൊല്ലത്തിൽ മേൽപറഞ്ഞവരെ ഹെൽത്ത് ഡിപ്പാർട്ട്മെണ്ടിൽ എന്തുജോലികൊടുക്കാണ് നിയമിക്കുവാൻ ഉദ്ദേശിക്കുന്നത് എന്നു പറയാമോ?

മിസ്റ്റർ പി. വി. റാഫേൽ.—(a) ൧൦൧ സ്വീപ്പർമാരും, ൩൯ സ്കാവഞ്ചർമാരും, ൪ സാനിറേറി മേസ്തിരികളും ഉണ്ട്. സ്വീപ്പർമാർക്കും സ്കാവഞ്ചർമാർക്കും സർവ്വീസ് പുസ്തകങ്ങൾ വച്ചിട്ടില്ലാത്തതിനാൽ അവരുടെ സർവ്വീസ് ഇത്രയാണെന്നു പറയുവാൻ സാധിക്കുന്നതല്ലാ. സാനിറേറി മേസ്തിരിമാരുടെ സർവ്വീസ് താഴെചേർക്കുന്നു.

		കൊല്ലം.	മാസം	ദിവസം
സാനിറേറി മേസ്തി.	ലോകമലേശ്വരം	൧൭	൧൧	൧൫
ടി	ഇരിങ്ങാലക്കുട	൧൩	൨	൨൭
ടി	വടക്കാഞ്ചേരി	൧൩	൧൧	൧൦
ടി	നെന്മാറ	൯	൦	൧൪
ടി	നല്ലേപ്പിള്ളി	൧൧	൧൧	൧൭

(b) ഇപ്പോൾ പഞ്ചായത്ത് ഡിപ്പാർട്ട്മെണ്ടിന്റെ അധീനത്തിൽ ഇരിക്കുന്നതും അടുത്തവർഷംമുതൽ ഹെൽത്ത് ഡിപ്പാർട്ട്മെണ്ടിലേക്കു വിട്ടുകൊടുക്കുവാൻ തീരുമാനിച്ചിരിക്കുന്നതും ആയ ൪ പട്ടണങ്ങളിലെ ശുചീകരണ വേലക്കാരിൽ മേസ്തിരിമാരൊഴികെബാക്കി എല്ലാവരേയും അതേസ്ഥലങ്ങളിൽ അതേ ജോലിക്കുതന്നെ നിശ്ചയിക്കുന്നതാകുന്നു. ടി പട്ടണങ്ങളിലെ മേസ്തിരിമാരേയും ഇതരപഞ്ചായത്തുകളിലുള്ള ശുചീകരണ വേലക്കാരേയും പഞ്ചായത്തിൻകീഴിൽതന്നെ ജോലിക്കു നിശ്ചയിക്കുന്നതാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly